LIBRARY ARCHIVES Kerala Legislative Assembly

വടക്കാഞ്ചേരി മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ

253(999) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-21 കാലത്ത് വടക്കാഞ്ചേരി മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങളുടെയും പദ്ധതികളുടെയും നിർമ്മാണവും പുരോഗതിയും പട്ടിക തിരിച്ച് വ്യക്തമാക്കാമോ?

കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി 2016-2017 കാലഘട്ടത്തിൽ അഞ്ച് പ്രവൃത്തികൾക്കായി 35.15 ലക്ഷം രൂപയും 2017-18-ൽ മൂന്ന് പ്രവൃത്തികൾക്കായി 30 ലക്ഷം രൂപയും 2018-19-ൽ ഒരു പ്രവൃത്തിക്കായി 13.70 ലക്ഷം രൂപയും 2019-20-ൽ മൂന്ന് പ്രവൃത്തികൾക്കായി 65 ലക്ഷം രൂപയും 2021-22-ൽ ഒരു പ്രവൃത്തിക്കായി 10 ലക്ഷം രൂപയും വകയിരുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 10 പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. 2017-18 വർഷത്തിൽ എം.എൽ.എ.- എസ്.ഡി.എഫ്.-ൽ ഉൾപ്പെടുത്തി വാട്ടർ അതോറിറ്റി നിർവ്വഹണ ഏജൻസിയായി മൂന്ന് പദ്ധതികളിലായി 37.30 ലക്ഷം രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ച് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2020-21 വർഷത്തിൽ ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി 4100 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി ആകെ 672.38 ലക്ഷം രൂപയുടെ (ഒന്നാം ഘട്ടമായി 456.48 ലക്ഷം രൂപയും രണ്ടാം ഘട്ടമായി 215.90 ലക്ഷം രൂപയും) പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിരിക്കുന്നത്. പദ്ധതികളുടെ വിശദമായ ലിസ്റ്റ് അനുബന്ധമായി* ചേർത്തിരിക്കുന്നു. ജൽനിധിയെ സംബന്ധിച്ച് 2020-21 വർഷത്തിൽ തെക്കുംകര പഞ്ചായത്തിലെ 2 പദ്ധതികളുടെ പുനരുദ്ധാരണത്തിന് ഉക അനുവദിച്ചുവെങ്കിലും പഞ്ചായത്ത് വിഹിതം ലഭ്യമാകാത്തതിനാൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. 2016-21 കാലഘട്ടത്തിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

ശംഖുംമുഖം വേളി തീരങ്ങളിലെ കടലാക്രമണം

254(1000) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശംഖുംമുഖം, വേളി തീരപ്രദേശങ്ങളിൽ കടലാക്രമണം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

കേരള തീരത്ത് അടിക്കടി അനുഭവപ്പെടുന്ന ന്യൂനമർദ്ദവും ചുഴലിക്കാറ്റും മൂലമുണ്ടാകുന്ന കടലാക്രമണവും കടൽകയറ്റവും തീരത്ത് വൻ നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നു. രൂക്ഷമായ കടലാക്രമണം നേരിടുന്നതായി കണ്ടെത്തിയിട്ടുള്ള സംസ്ഥാനത്തെ 10 ഹോട്ട്സ്പോട്ടുകളിൽ തിരുവനന്തപുരം ജില്ലയിലെ ശംഖുമുഖവും ഉൾപ്പെടുന്നു. പ്രസ്തുത സ്ഥലങ്ങളിൽ National Centre for Coastal Research (NCCR), ചെന്നൈ എന്ന വിദഗ്ധ സ്ഥാപനത്തിന്റെ സഹായത്തോടെ തീരത്തിന്റെ ഘടനയ്ക്ക് അനുയോജ്യമായ രീതിയിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വേളി തീരപ്രദേശത്ത് വേളിപ്പൊഴിക്ക് വടക്ക് ഭാഗത്തായി കഴിഞ്ഞ കുറച്ചുവർഷങ്ങളായി കടൽക്ഷോഭം അനുഭവപ്പെടുന്നുണ്ട്. ഈ പ്രദേശത്ത് ഏകദേശം ഒരു കിലോമീറ്റർ ഭാഗത്ത് പുതിയതായി കടൽഭിത്തി നിർമ്മിക്കേണ്ടതായിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ടി പ്രദേശത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കഴക്കൂട്ടം, ശ്രീകാര്യം, ഉള്ളൂർ മേഖലകളിൽ സ്വീവേജ് സംവിധാനം നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

തിരുവനന്തപുരം നഗരസഭ പരിധിയിൽ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന മേജർ സ്വീവേജ് പദ്ധതികളിൽ കഴക്കൂട്ടം, ശ്രീകാര്യം, ഉള്ളൂർ ഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

(സി) പാരമ്പര്യ ജലസ്രോതസ്സുകളായ കുളങ്ങൾ സംരക്ഷിക്കുന്നതിന് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതി എന്താണെന്ന് വിശദമാക്കാമോ?

നിലവിലുള്ള കുളങ്ങളുടെ പുനരുദ്ധാരണവും പുനരുജ്ജീവനവും പുതിയ കുളങ്ങളുടെ നിർമ്മാണവും MI class - I ഹരിതകേരളം, MI class-2 ഹരിതകേരളം Renovation of Tanks and Ponds (Haritha Keralam) എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി നിർവ്വഹിച്ചുവരുന്നുണ്ട്. തിരുവനന്തപുരം നഗരസഭയുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നഗരസഭാ ആസ്തിയിലുള്ള കുളങ്ങൾ നവീകരിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു.

മലമ്പുഴ പഞ്ചായത്തിലെ ജൽജീവൻ മിഷൻ പദ്ധതി

255(1001) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിലെ മലമ്പുഴ ഗ്രാമപഞ്ചായത്തിൽ ജൽജീവൻ മിഷൻ പദ്ധതി മുഖാന്തരം നടത്തുന്ന പ്രവൃത്തികൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ; ഈ പദ്ധതിക്കായി എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ?